# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.247 — 09/03/2015 ൽ മറുപടിക്ക്

### ബാർകോഴ കേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബാർകോഴയുമായി ബന്ധപ്പെട്ട് 31.12.2014 - ൽ നടന്ന ബാർ അസോസിയേഷൻ യോഗത്തിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായത് വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യോഗത്തിൽ നടന്ന ചർച്ചകളുടെ ശബ്ദരേഖ വിജിലൻസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ ; | (ബി) ചർച്ചകളുടെ ശബ്ദരേഖ എഡിറ്റ് ചെയ്ത ഒരു സി.ഡി. കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. |
| (സി) ശ്രീ.മാണി കോഴ വാങ്ങിയതായുള്ള ആരോപണങ്ങളെ ബലപ്പെടുത്തുന്ന ഒട്ടേറെ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ; | (സി) അന്വേഷണം പുരോഗമിക്കുകയാണ്. ഈ ഘട്ടത്തിൽ കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) ബാർ അസോസിയേഷൻ യോഗത്തിന്റെ ശബ്ദരേഖ കൈവശപ്പെടുത്തിക്കൊണ്ട്, അന്വേഷണം നടത്തി പുതുതായി ആരെയെല്ലാം കേസിൽ പ്രതികളാക്കുകയുണ്ടായിട്ടുണ്ട് ? | (ഡി) ശബ്ദരേഖയുടെ എഡിറ്റ് ചെയ്ത പകർപ്പ് മാത്രമേ കിട്ടിയിട്ടുള്ളൂ. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കേസ് രജിസ്റ്റർ ചെയ്തശേഷം പുതുതായി ആരെയും പ്രതിയാക്കിയിട്ടില്ല. |

സെക്ഷൻ ആഫീസർ